ഹയർ സെക്കൻഡറി ഡയക്ടറുടെ
കാര്യാലയം, ഹൗസിങ് ബോർൽഡ്
ബിൽഡിങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.എസ്പിസി.(2)/116093/2018/എച്ച്എസ്ഇ തീയതി: 10/10/2018

# സർക്കുലർ

**വിഷയം:** പരിവർത്തനോന്മുഖ അധ്യാപക പരിശീലനം - അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച്.

ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് ഹയർ സെക്കൻഡറി വിഭാഗം അധ്യാപകരുടെ സേവനകാല വിദ്യാഭ്യാസത്തിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നു. വൈജ്ഞാനികരംഗത്തെ വികാസങ്ങൾക്കൊപ്പം മുന്നേറുന്നതിന് അധ്യാപകർക്ക് പിന്തുണ നൽകുന്നതിനും പുതിയ ഉൾക്കാഴ്ചകൾ വികസിപ്പിക്കുന്നതിനും, നിരന്തരപഠനത്തിന്റെയും ഗവേഷണത്തിന്റെയും സംസ്കാരം പരിപോഷിപ്പിക്കുന്നതിനും സർഗാത്മകത പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽപരമായ നൈപുണികൾ വളർത്തുന്നതിനുമാണ് നവീനമായ ഈ അധ്യാപകവിദ്യാഭ്യാസ പരിപാടി ആസൂത്രണം ചെയ്തിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മികച്ച പഠനാനുഭവങ്ങൾ ഒരുക്കി ഹയർ സെക്കൻഡറി വിദ്യാഭ്യാസം ശക്തിപ്പെടുത്താൻ അധ്യാപകരെ സജ്ജരാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ശില്പശാലാ മാതൃകയിൽ മുഴുവൻ സമയപങ്കാളിത്തത്തോടെയുള്ള റസിഡൻഷ്യൽ കോഴ്സായി ഇത് വിഭാവന ചെയ്തിരിക്കുന്നു. പത്തു ദിവസം നിണ്ടുനില്ക്കുന്ന ടീച്ചർ ട്രാൻസ്ഫോർമേഷൻ പ്രോഗ്രാമിൽ ഗവേഷണ പരിപാടികൾ, അതിഥിപ്രഭാഷണങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ, ലാബ്-ലൈബ്രറി പ്രവർത്തനങ്ങൾ, ഫീൽഡ് ട്രിപ്പ്, കലാസ്വാദനവേളകൾ, അവതരണങ്ങൾ, വിവിധ വൈദഗ്ധ്യമേഖലകളിലുള്ള പരിശീലനങ്ങൾ തുടങ്ങിയവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കേരളത്തിലെ ഏറ്റവും മികച്ച ബിരുദാനന്തരബിരുദ പഠനസൗകര്യമുള്ള കോളേജുകളാണ് പഠനകേന്ദ്രങ്ങളായി തിരഞ്ഞെടുത്തിട്ടുള്ളത്. ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ ലൈബ്രറി, ലാബ്, മൾട്ടീമീഡിയാ സൗകര്യങ്ങൾ തുടങ്ങിയ വിഭവങ്ങൾ പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. ഗവേഷണ സ്ഥാപനം എന്ന നിലയിലുള്ള മികവുകളും പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്.

നിശ്ചിത കാലയളവിനുള്ളിൽ മുഴുവൻ അദ്ധ്യാപകരും കോഴ്സ് പൂർത്തീകരിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന നാൽപ്പതു പേർക്കാണ് ഒരു കേന്ദ്രത്തിലെ ഒരു വിഷയത്തിന് പ്രവേശനം നൽകുന്നത്. ഒരു വിഷയത്തിന് രണ്ടു കേന്ദ്രങ്ങൾ വീതം ഒരുക്കിയിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ്, മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, കൊമേഴ്സ് എന്നീ വിഷയങ്ങൾക്കാണ് ഈ വർഷം കോഴ്സ് സംഘടിപ്പിക്കുന്നത്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തുടർന്നുള്ള സേവനകാലയളവിൽ വിവിധ അക്കാഡമിക ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. തിരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് യാത്രാബത്ത, ദിനബത്ത എന്നിവയും താമസവും ഭക്ഷണവും നൽകുന്നതാണ്. കോളേജിലെ ലാബ്, ലൈബ്രറി തുടങ്ങിയ വിപുലമായ സൗകര്യങ്ങൾക്കു പുറമേ ലഘു യാത്രകൾ (Field Trip) നടത്തി പഠനം നടത്തുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കും. അധ്യാപകർ, വിദ്യാർത്ഥികൾ, ഗവേഷകർ, സാങ്കേതികവിദഗ്ധർ തുടങ്ങിയവരുമായി സംവാദങ്ങളിൽ ഏർപ്പെടാനുള്ള അവസരങ്ങൾ ഈ പരിപാടിയുടെ സവിശേഷതയാണ്. ഈ വർഷത്തെ കോഴ്സിന് അപേക്ഷിക്കാനുള്ള അവസാന തീയതി 2018 ഒക്ടോബർ 20 ആണ്. നവംബർ 16 മുതൽ രണ്ടു ഘട്ടങ്ങളിലായി നടക്കുന്ന കോഴ്സിലേക്കുള്ള പ്രവേശനത്തിന് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

അപേക്ഷകർ **www.hscap.kerala.gov.in** എന്ന വെബ്സൈറ്റിന്റെ ഹോം പേജിലെ HSSTTP എന്ന ടാബിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ അപേക്ഷകൾ പ്രിൻസിപ്പലിനു സമർപ്പിക്കേണ്ടതും, പ്രിൻസിപ്പൽ **2018 ഒക്ടോബർ 20 ന് വൈകിട്ട് 5 മണിക്ക്** മുമ്പായി ഡയറക്ടറേറ്റിലേക്ക് ഫോർവേഡ് ചെയ്യേണ്ടതുമാണ്.

ഒപ്പ്

**ഡയറക്ടർ**